2026
MARCH
04
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വിദ്യാഭ്യാസ രംഗം: ഇന്ത്യ മുന്നോട്ടു വെയ്ക്കുന്നത് ഗ്ലോബൽ സൗത്ത് മാതൃക

**ന്യൂഡൽഹി:** ഇന്ത്യയുടെ ഊർജസ്വലമായ വൈജ്ഞാനിക ആവാസവ്യവസ്ഥയും ജനസംഖ്യാപരമായ നേട്ടവും അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയുമാണ് രാജ്യത്തിന്റെ ഏറ്റവും വലിയ കരുത്തെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ന്യൂഡൽഹിയിലെ സുഷമ സ്വരാജ് ഭവനിൽ സംഘടിപ്പിച്ച 'സ്റ്റഡി ഇൻ ഇന്ത്യ' വിദ്യാഭ്യാസനയതന്ത്ര കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2020ലെ ദേശീയ വിദ്യാഭ്യാസനയം, 'സ്റ്റഡി ഇൻ ഇന്ത്യ' പദ്ധതി എന്നിവയിലൂടെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും സ്ഥാപനങ്ങൾക്കും രാജ്യം ആഗോള പാതകൾ വിപുലീകരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. നിർമ്മിതബുദ്ധി, ബയോടെക്നോളജി, അർധചാലകങ്ങൾ എന്നിവ മുതൽ സുസ്ഥിര ഊർജം വരെയുള്ള മേഖലകളിൽ വിശ്വസ്ത നൂതന പങ്കാളിയായി ഇന്ത്യ ഉയർന്നുവരികയാണ്. സഹകരണം, ശേഷി വർധന, വൈജ്ഞാനിക കൈമാറ്റം എന്നിവയിലധിഷ്ഠിതമായ 'ഗ്ലോബൽ സൗത്ത്' മാതൃകയാണ് രാജ്യം മുന്നോട്ടുവെക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അനിശ്ചിതത്വങ്ങളും അതിവേഗ മാറ്റങ്ങളും നിറഞ്ഞ ലോകത്ത് സമൂഹങ്ങൾക്കിടയിലെ ഏറ്റവും സുദൃഢമായ പാലം വിദ്യാഭ്യാസമാണ്. പങ്കാളിത്ത രാജ്യങ്ങളുമായി ശക്തമായ വൈജ്ഞാനിക ബന്ധങ്ങൾ കെട്ടിപ്പടുക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. അതിവേഗം വളരുന്നതും നൂതനാശയങ്ങളിലധിഷ്ഠിതവും വൈവിധ്യമാർന്നതും എല്ലാവർക്കും പ്രാപ്യവുമായ ഇന്ത്യയുടെ വിദ്യാഭ്യാസ സമ്പ്രദായവുമായി സഹകരിക്കാൻ അദ്ദേഹം നയതന്ത്ര പ്രതിനിധികളോട് ആഹ്വാനം ചെയ്തു.






കഴിഞ്ഞ ആറു വർഷമായി 2020ലെ ദേശീയ വിദ്യാഭ്യാസ നയം ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസ പരിഷ്കാരങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകിയതായി ചടങ്ങിൽ സംസാരിച്ച ഉന്നതവിദ്യാഭ്യാസ സെക്രട്ടറി ഡോ. വിനീത് ജോഷി പറഞ്ഞു. ബഹുവിഷയ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിലും നൈപുണ്യ വികസനത്തെ പ്രധാന പഠനപദ്ധതിയുമായി സംയോജിപ്പിക്കുന്നതിലും അന്താരാഷ്ട്രവൽക്കരണത്തിലും ഇത് പ്രധാന പങ്കുവഹിച്ചു. സംയുക്ത, ഇരട്ട, ഏകോപിത പഠനപദ്ധതികളിലൂടെ ഇന്ത്യൻ സ്ഥാപനങ്ങൾ ആഗോളതല ഇടപെടൽ വർധിപ്പിക്കുന്നുവെന്നും പ്രമുഖ സർവകലാശാലകൾ അന്താരാഷ്ട്ര തലത്തിൽ സാന്നിധ്യം വിപുലീകരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. വിദേശ സർവകലാശാലകൾക്ക് ഇന്ത്യയിൽ കാമ്പസുകൾ സ്ഥാപിക്കുന്നതിന് സുതാര്യവും സമയബന്ധിതവുമായ നിയന്ത്രണ ചട്ടക്കൂട് യുജിസി ഒരുക്കിയിട്ടുണ്ടെന്നും ഓസ്ട്രേലിയ, ഇറ്റലി, യുകെ, യുഎസ് എന്നിവിടങ്ങളിലെ മുൻനിര സ്ഥാപനങ്ങളുടെ അപേക്ഷകൾക്ക് ഒരു മാസത്തിനകം അനുമതി നൽകിയതായും അദ്ദേഹം അറിയിച്ചു.

ആഗോള വിദ്യാഭ്യാസ മേഖലയ്ക്കായി ഇന്ത്യൻ വൈജ്ഞാനിക സമ്പ്രദായങ്ങൾ, സ്പാർക്ക്, ജിയാൻ എന്നിവയിലൂടെ അക്കാദമിക പങ്കാളിത്തം, നിർമിതബുദ്ധിയും നൂതന സാങ്കേതികവിദ്യകളും, വിദേശ സർവകലാശാല കാമ്പസുകൾ സംബന്ധിച്ച 2023ലെ യുജിസി ചട്ടങ്ങൾ, അന്താരാഷ്ട്ര ബ്രാഞ്ച് കാമ്പസുകളും അവ സംബന്ധിച്ച ചട്ടക്കൂടുകളും, ഇന്ത്യയുടെ നൈപുണ്യ വികസന സംവിധാനത്തിന്റെ അന്താരാഷ്ട്രവൽക്കരണം, ഭാരത് ഇന്നോവേറ്റ്സ് 2026 എന്നിവയായിരുന്നു കോൺക്ലേവിലെ പ്രധാന ചർച്ചാ വിഷയങ്ങൾ. പങ്കാളിത്ത രാജ്യങ്ങളിലെ വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസത്തിനും ഹ്രസ്വകാല പ്രോഗ്രാമുകൾക്കും ഇന്ത്യയിലേക്ക് ക്ഷണിക്കുന്നതിലൂടെയും സ്ഥാപനങ്ങൾ തമ്മിലെ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ആഗോള റാങ്കിങ് നേടിയ സർവകലാശാലകളെ ഇന്ത്യയിൽ കാമ്പസുകൾ തുടങ്ങാൻ സ്വാഗതം ചെയ്യുന്നതിലൂടെയും ഇന്ത്യയുടെ വിദ്യാഭ്യാസ രംഗത്തെ നയതന്ത്ര ബന്ധങ്ങൾ ശക്തിപ്പെടുത്താൻ ലക്ഷ്യമിടുന്ന പ്രത്യേക വേദിയായി 'സ്റ്റഡി ഇൻ ഇന്ത്യ' വിദ്യാഭ്യാസ നയതന്ത്ര കോൺക്ലേവ് മാറി. 50ലധികം രാജ്യങ്ങളിൽ നിന്ന് അംബാസഡർമാരും ഹൈക്കമ്മീഷണർമാരും നയതന്ത്ര പ്രതിനിധികളും മന്ത്രാലയ ഉദ്യോഗസ്ഥരും കോൺക്ലേവിൽ സംബന്ധിച്ചു.

## പശ്ചിമേഷ്യൻ സംഘർഷം:

## ഹോർമുസ് കടലിടുക്ക് ഇറാൻ അടച്ചു; എണ്ണവില വർധിച്ചേക്കും

**ടെഹ്റാൻ:** പശ്ചിമേഷ്യൻ സംഘർഷം നാലാം ദിനത്തിലേക്ക് കടന്നതോടെ ഹോർമൂസ് കടലിടുക്ക് ഇറാൻ അടച്ചു. ഇതോടെ ലോകത്തെ എണ്ണക്കപ്പലുകൾ കടന്നു പോകുന്ന പ്രധാന പാതയായ ഹോർമുസ് കടലിടുക്കിലൂടെ ഗതാഗതം ഏതാണ്ട് നിശ്ചലമായ അവസ്ഥയിലാണ്. വിലക്ക് ലംഘിച്ച് കടലിടുക്കിലൂടെ കടന്നുപോകുന്ന കപ്പലുകളെ ആക്രമിക്കുമെന്നാണ് മുന്നറിയിപ്പ്. ലോകത്തിലെ എണ്ണയുടെയും വാതകത്തിന്റെയും ഏകദേശം 20 ശതമാനവും കടന്നുപോകുന്ന കടലിടുക്കാണ് ഹോർമൂസ് കടലിടുക്ക്. ഇവിടെ മൂന്ന് കപ്പലുകൾക്ക് നേരെ ആക്രമണമുണ്ടായതിനെ തുടർന്ന് ആഗോള വിപണിയിൽ എണ്ണവില ഉയർന്നു തുടങ്ങി. രണ്ട് കപ്പലുകൾക്ക് നേരെ ആക്രമണമുണ്ടായതായും, മൂന്നാമതൊരു കപ്പലിന് തൊട്ടടുത്ത് തിരിച്ചറിയാൻ കഴിയാത്ത ഒരു വസ്തു പൊട്ടിത്തെറിച്ചതായുമാണ് യുകെ മാരിടൈം ട്രേഡ് ഓപ്പറേഷൻസ് സെന്റർ വിശദമാക്കുന്നത്. ഹോർമൂസ് കടലിടുക്ക് ഏതാനും ദിവസം അടച്ചിട്ടാൽ പോലും ഗ്യാസ്, എണ്ണ എന്നിവയുടെ നീക്കത്തെ രൂക്ഷമായി ബാധിക്കും. ആക്രമണമുണ്ടായതോടെ ഖത്തർ എനർജി നാച്ചുറൽ ഗ്യാസ് ഉത്പാദനവും നിർത്തി. ഇറാൻ ആക്രമണമുണ്ടായ അരാംകോയുടെ പല പ്ലാന്റുകളും പ്രവർത്തനം നിർത്തി. കുവൈറ്റിലെ ചില റിഫൈനറികളും ഉത്പാദനം നിർത്തിയിട്ടുണ്ട്.

# രാഷ്ട്ര നിർമ്മാണത്തിൽ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ പങ്ക് നിർണ്ണായകം: രാഷ്ട്രപതി

**ന്യൂഡൽഹി:** രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ പങ്ക് നിർണ്ണായകമാണെന്ന് രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു പറഞ്ഞു. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരും ലാൽ ബഹാദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷനിലെ 128-ാമത് ഇൻഡക്ഷൻ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥരുമായി രാഷ്ട്രപതി ഭവനിൽ നടത്തിയ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.



ഒരു ജില്ലയുടേയോ അല്ലെങ്കിൽ സംസ്ഥാനത്തിന്റേയോ മുൻഗണനകൾക്കപ്പുറത്തേക്ക് വ്യാപിക്കുന്ന ഉത്തരവാദിത്തങ്ങളാണ് ഇപ്പോൾ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ വഹിക്കുന്നത്. ഈ വലിയ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിന് വകുപ്പുതല അതിർവരമ്പുകൾക്ക് അതീതമായ ഒരു കാഴ്ചപ്പാട് ആവശ്യമാണെന്നും ഭരണപരമായ വേർതിരിവുകൾ ഇല്ലാതാക്കണമെന്നും രാഷ്ട്രപതി ഓർമ്മിപ്പിച്ചു. സഹകരിച്ച് പ്രവർത്തിക്കുന്നതിലൂടെ, സ്ഥാപനപരമായ യോജിപ്പ് വർദ്ധിപ്പിക്കാനും ഭരണസംവിധാനത്തെ ശക്തിപ്പെടുത്താനും സാധിക്കും. വികസന ഫലങ്ങൾ കൈവരിക്കുന്നതിനും പൊതുസേവനത്തിന്റെ ഉന്നത നിലവാരം ഉയർത്തിപ്പിടിക്കുന്നതിനും കൂട്ടായ പ്രൊഫഷണലിസം, ഏകോപനം, പ്രതിബദ്ധത എന്നിവ അത്യന്താപേക്ഷിതമാണ്. ഐഎഎസ് ഉദ്യോഗസ്ഥർ ഒരു പ്രത്യേക പ്രദേശത്തിന്റെ മാത്രം ഭരണാധികാരികളല്ലെന്നും മറിച്ച് രാജ്യത്തുടനീളം ഉയർത്തിപ്പിടിക്കേണ്ട ഭരണ മാനദണ്ഡങ്ങളുടെ സംരക്ഷകരാണെന്നും രാഷ്ട്രപതി ഊന്നിപ്പറഞ്ഞു. എടുക്കുന്ന ഓരോ തീരുമാനവും 2047ഓടെ ഒരു വികസിത ഭാരതം കെട്ടിപ്പടുക്കുക എന്ന മൊത്തത്തിലുള്ള കാഴ്ചപ്പാടുമായി ചേർന്നുനിൽക്കുന്നതായിരിക്കണം. ഐഎഎസ് ഉദ്യോഗസ്ഥർ എന്ന നിലയിൽ, ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുന്നതിനായി നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണെന്ന് രാഷ്ട്രപതി പറഞ്ഞു. കൂടുതൽ സങ്കീർണ്ണമായ വെല്ലുവിളികൾ ഏറ്റെടുക്കുമ്പോൾ അവരുടെ വിലപ്പെട്ട അനുഭവസമ്പത്തും 'രാജ്യം ആദ്യം' എന്ന മനോഭാവവും അവരെ നയിക്കുന്ന ദിശാസൂചികയായിരിക്കണമെന്നും രാഷ്ട്രപതി എടുത്തു പറഞ്ഞു. എല്ലാവരേയും ഉൾക്കൊള്ളുന്ന വികസനത്തിന് ഉദ്യോഗസ്ഥർ സംഭാവന നൽകണം. വികസനത്തിന്റെ ഗുണഫലങ്ങൾ ഏറ്റവും ദുർബ്ബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളിലേക്ക് എത്തുമ്പോൾ മാത്രമേ ഇന്ത്യ ഒരു വികസിത രാഷ്ട്രമായി മാറുന്നതിന് അർത്ഥമുണ്ടാകൂ.

ഭൂമിശാസ്ത്രപരമോ സാമൂഹികമോ സാമ്പത്തികമോ ആയ കാരണങ്ങളാൽ ഒരു സമൂഹവും പിന്നിലാകുന്നില്ലെന്ന് ഉറപ്പാക്കാൻ നിരന്തരമായ പരിശ്രമങ്ങൾ നടത്തണം. പ്രതിബദ്ധത ആവശ്യപ്പെടുന്ന മറ്റൊരു പ്രധാന മേഖല സുസ്ഥിരതയും കാലാവസ്ഥാ പ്രതിരോധവുമാണെന്ന് രാഷ്ട്രപതി ചൂണ്ടിക്കാട്ടി. മുതിർന്ന ഭരണാധികാരികൾ എന്ന നിലയിൽ, ഉദ്യോഗസ്ഥർ ഹരിത നടപടികൾക്ക് നേതൃത്വം നൽകുകയും, കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ചുള്ള ഭരണസംവിധാനം പ്രോത്സാഹിപ്പിക്കുകയും, സുസ്ഥിര വികസനം ഉറപ്പാക്കുകയും വേണം. ഇന്നത്തെ കൂട്ടായ പ്രവർത്തനങ്ങളാണ് ഭാവി തലമുറയുടെ ജീവിതനിലവാരം നിർണ്ണയിക്കുന്നതെന്ന് രാഷ്ട്രപതി വ്യക്തമാക്കി.

# ഇന്നത്തെ പരിപാടി

## കൊച്ചി ബിനാലെ

■ **ഫോർട്ട് കൊച്ചി ബാസ്റ്റ്യൻ ബംഗ്ലാവ് :** കൊച്ചി ബിനാലെയുടെ ഭാഗമായി ഒരു ഇലക്ട്രോണിക് മ്യൂസിക് ട്രാക്ക് എങ്ങനെ നിർമ്മിക്കാം എന്ന വിഷയത്തിൽ സെബാസ്റ്റ്യൻ, ഹാർട്ട്മുട്ട് എന്നിവർ നയിക്കുന്ന ശിൽപ്പശാല രാവിലെ 10.30 മുതൽ.

■ **ഫോർട്ട് കൊച്ചി വാട്ടർ മെട്രോ സ്റ്റേഷൻ:** ഇമാജിനിങ് ബീഗംപുര: എ സിറ്റി വിത്ത് നോ റൂൾസ് എന്ന വിഷയത്തിൽ പേഴ്സി കാക്കി നയിക്കുന്ന ശിൽപ്പശാല രാവിലെ 11 മുതൽ.

■ **ഫോർട്ട് കൊച്ചി ബാസ്റ്റ്യൻ ബംഗ്ലാവ് ബിനാലെ പവലിയൻ:** ഒരു അപസർപ്പക കഥ ചലച്ചിത്ര പ്രദർശനം വൈകിട്ട് 7 മുതൽ.

## കൊച്ചി

■ **എറണാകളം പനമ്പിള്ളി നഗർ റോട്ടറി ബാലഭവൻ ചൈൽഡ് കെയർ സെൻ്റർ :** ലോക കേൾവി ദിനാചരണത്തിന്റെ ഭാഗമായി ഐഎപി കൊച്ചിൻ ചൈൽഡ് കെയർ സെന്ററുമായി സഹകരിച്ച് നവജാത ശിശുക്കൾക്കും കുട്ടികൾക്കുമായി സൗജന്യ കേൾവി പരിശോധന ക്യാംപ് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ നടക്കും.

■ **ടി.കെ രാമകൃഷ്ണൻ സ്മാരക സാംസ്ക്കാരിക കേന്ദ്രം :** സംസ്ഥാന ഭാഗ്യക്കുറി ക്ഷേമ നിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഉച്ചകഴിഞ്ഞ് 3ന് മന്ത്രി പി. രാജീവ് നിർവ്വഹിക്കും. ടി.ജെ വിനോദ് എം.എൽ.എ അധ്യക്ഷത വഹിക്കും. കൊച്ചി മേയർ അഡ്വ. വി. കെ മിനിമോൾ വിശിഷ്ടാതിഥിയായിരിക്കും. കൗൺസിലർ കെ.വി.പി കൃഷ്ണകുമാർ സംസാരിക്കും.

■ **കല്ലൂർക്കാട് കാസ് ഓഡിറ്റോറിയം :** കല്ലൂർക്കാട് സബ് ട്രഷറി കെട്ടിടം ധനമന്ത്രി കെ എൻ ബാലഗോപാൽ വൈകുന്നേരം 3.30ന് ഓൺലൈനായി ഉദ്ഘാടനം ചെയ്യും.

## തൃപ്പൂണിത്തുറ

■ **ശ്രീപൂർണ്ണത്രയീശ ക്ഷേത്രം :** ശ്രീപൂർണ്ണത്രയീശന്റെ പിറന്നാൾ ദിനത്തിന്റെ ഭാഗമായി ഉത്രം തിരുനാൾ സദ്യ. രാവിലെ 8 മുതൽ ശീവേലി, പഞ്ചരത്ന കീർത്തനാലാപനം, തായമ്പക, സംഗീതക്കച്ചേരി തുടങ്ങിയവ നടക്കും.

## അങ്കമാലി

■ **അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് ഹാൾ :** ബ്ലോക്ക് പഞ്ചായത്ത് സ്കിൽസ് എക്സലൻസ് സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ബജറ്റ് പ്രഭാഷണം രാവിലെ 10.30ന്. ധനകാര്യ വിദഗ്ധനും സൗത്ത് ഇന്ത്യൻ ബാങ്ക് മുൻ എക്സിക്യൂട്ടീവ് ഡയക്ടറുമായ എബ്രഹാം തരിയൻ പ്രസംഗിക്കും. നഗരസഭാ അദ്ധ്യക്ഷ റീത്താപോൾ, കാലടി ഫാർമേഴ്സ് ബാങ്ക് പ്രസിഡന്റ് കെ.എ ചാക്കോച്ചൻ, വ്യപാരി വ്യവസായി ഏകോപന സമിതി ജില്ലാ സെക്രട്ടറി എൻ. വി. പോളച്ചൻ, ഫെഡറൽ ബാങ്ക് മുൻ ജനറൽ മാനേജർ ടി. പി. മത്തായി എന്നിവർ നേതൃത്വം നൽകും.

## കാലടി

■ **ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല സെമിനാർ ഹാൾ :** ദളിത് ബന്ധു ആർക്കൈവിന്റെ ആഭിമുഖ്യത്തിൽ ദളിത് ബന്ധു സ്മാരക പ്രഭാഷണം രാവിലെ 10ന് ആരംഭിക്കും. ഹൈദ്രാബാദ് ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി കൾച്ചറൽ സ്റ്റഡീസ് വിഭാഗം പ്രൊഫസർ ഡോ. കെ. സത്യനാരായണ പ്രഭാഷണം നിർവ്വഹിക്കും.

ഷൂട്ട് @ സൈറ്റ്



**പ്രകൃതിയെ സംരക്ഷിക്കാൻ........** വിനോദ സഞ്ചാര കേന്ദ്രമായ ഫോർട്ട് കൊച്ചിയിൽ ഉപേക്ഷിക്കപ്പെട്ടു കിടക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ പെറിക്കിക്കൂട്ടി സഞ്ചിയിലാക്കുന്ന ആൾ.

**എ. എസ് സതീഷ്**

# കൊച്ചി മേയറെ ആദരിച്ച് കെസിബിസി




**കൊച്ചി:** കൊച്ചിയുടെ മേയറായി തിരഞ്ഞെടുക്കപ്പെട്ട വി.കെ. മിനിമോളെ കെസിബിസി അനുമോദിച്ചു. കെസിബിസി കാര്യാലയമായ പിഒസിയിൽ സംഘടിപ്പിച്ച ചടങ്ങിൽ കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ് വർഗീസ് ചക്കാലക്കൽ, വൈസ് പ്രസിഡന്റ് ബിഷപ് സാമുവേൽ മാർ ഐറേനിയോസ് എന്നിവർ ചേർന്ന് മേയറെ പൊന്നാട അണിയിച്ചു. അനുമോദന സന്ദേശത്തിൽ കെസിബിസി സെക്രട്ടറി ജനറൽ മാർ തോമസ് തറയിൽ, കൊച്ചിയുടെ സമഗ്രവികസനം സാധ്യമാക്കാൻ മേയർക്ക് കഴിയട്ടെ എന്ന് ആശംസിക്കുകയും പിഒസിയുടെ പിൻതുണ അറിയിക്കുകയും ചെയ്തു.

മറുപടി പ്രസംഗത്തിൽ മേയർ കെസിബിസിക്കും, പിഒസിക്കും നന്ദിയർപ്പിക്കുകയും എല്ലാ പിൻതുണയും, സഹകരണവും അഭ്യർഥിക്കുകയും ചെയ്തു. കൊച്ചിയുടെ വികസനത്തിനും, വിവിധ പ്രശ്നങ്ങളുടെ പരിഹാരത്തിനുമുതകുന്ന പദ്ധതികളും, നിർദേശങ്ങളും സമർപ്പിക്കുവാനും നിർദേശിച്ചു. കെസിബിസിയുടെ വിവിധ കമ്മീഷനുകളുടെ സെക്രട്ടറിമാരും, ഡിപ്പാർട്ടുമെന്റുകളുടെ ഡയറക്ടർമാരും സന്നിഹിതരായിരുന്നു.

# ഏഴ് സീറ്റിൽ അവകാശവാദവുമായി ജനാധിപത്യ രാഷ്ട്രീയ സഭ

**കൊച്ചി:** വരുന്ന നിയമ സഭ തിരഞ്ഞെടുപ്പിൽ എൻ.ഡി.എ സഖ്യത്തിലെ ഘടക കക്ഷിയായ ജനാധിപത്യ രാഷ്ടീയ സഭ ഏഴ് സീറ്റിൽ മത്സരിക്കുമെന്ന് പാർട്ടി സംസ്ഥാന പ്രസിഡന്റ് ഇ.പി. കുമാരദാസ്, വൈസ് പ്രസിഡന്റ് പി.എൻ.സുകുമാരൻ, ജനറൽ സെക്രട്ടറി അഡ്വ.സുനിൽ സി.കുട്ടൻ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇന്ന് മുതൽ 13 വരെ സംസ്ഥാനത്തൊട്ടാകെ സാമൂഹ്യ നേതൃത്വ സമ്പർക്ക യാത്ര നടത്തുമെന്നും മാർച്ച് എഴിന് തിരുവനന്തപുരം ജില്ലാകൺവെൻഷൻ കിളിമാനൂരിൽ കേന്ദ്രമന്ത്രി ശോഭ കരന്തല ജെ ഉദ്ഘാടനം ചെയ്യുമെന്നും നേതാക്കൾ പറഞ്ഞു. സി.കെ.ജാനു




*എൻ.ഡി.എയുടെ ഭാഗമായ ജനാധിപത്യ രാഷ്ട്രീയ സഭ വരുന്ന നിയമ സഭ തിരഞ്ഞെടുപ്പിൽ ഏഴ് സീറ്റിൽ മത്സരിക്കുമെന്ന് പാർട്ടി സംസ്ഥാന പ്രസിഡന്റ് ഇ.പി.കുമാരദാസ്, വൈസ് പ്രസിഡന്റ് പി.എൻ.സുകുമാരൻ, ജനറൽ സെക്രട്ടറി അഡ്വ.സുനിൽ സി.കുട്ടൻ എന്നിവർ പ്രഖ്യാപനം നടത്തിയപ്പോൾ*

പാർട്ടി വിട്ട് യുഡിഎഫിന്റെ ഭാഗമായത് രാഷ്ട്രീയ മര്യാദയല്ലെന്നും നേതാക്കൾ കുറ്റപ്പെടുത്തി.

# സൗജന്യ ആയുർവേദ വനിതാരോഗ്യ ക്ലിനിക്കുമായി അപ്പോളോ

**കൊച്ചി:** അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് മാർച്ച് 8ന് രാവിലെ 10 മുതൽ വൈകിട്ട് 5 വരെ അപ്പോളോ ആയുർവേദ് എറണാകുളം കടവന്ത്ര സെന്ററിൽ പ്രത്യേക 'വനിതാ ആരോഗ്യ ക്ലിനിക്' സംഘടിപ്പിക്കുന്നു. ആർത്തവ പ്രശ്നങ്ങൾ, പിസിഒഎസ്-പിസിഒഡി, തൈറോയിഡിലെ മാറ്റങ്ങൾ, എൻഡോമെട്രിയോസിസ്, ഗർഭാശയ മുഴകൾ, വന്ധ്യതാസംബന്ധമായ പ്രശ്നങ്ങൾ, ആർത്തവവിരാമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കൂടാതെ മാനസിക സമ്മർദ്ദം മൂലമുള്ള ഹോർമോൺ വ്യതിയാനങ്ങൾ തുടങ്ങിയ സ്ത്രീകളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ക്ലിനിക്കിൽ സൗജന്യ ആയുർവേദ വിദഗ്ദ്ധ കൺസൾട്ടേഷനുകൾ ലഭ്യമാകും. വർദ്ധിച്ചുവരുന്ന ജീവിതശൈലി സമ്മർദ്ദങ്ങൾ, ഹോർമോൺ വ്യതിയാനങ്ങൾ, രോഗനിർണ്ണയത്തിലെ താമസം, വർദ്ധിച്ചുവരുന്ന മാനസിക സമ്മർദ്ദം എന്നിവ എല്ലാ പ്രായത്തിലുള്ള സ്ത്രീകളെയും ബാധിക്കുന്ന സാഹചര്യത്തിൽ രോഗത്തിന്റെ മൂലകാരണം കത്തെുന്നതിനും വ്യക്തിഗതമായ ആയുർവേദ ചികിത്സ നൽകുന്നതിനും വേണ്ടിയാണ് കൺസൾട്ടേഷൻ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അധികൃതർ പറഞ്ഞു.

# കേന്ദ്രപദ്ധതികൾ നടപ്പിലാക്കുന്നതിൽ കേരളം മുന്നിൽ: കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ



**കൊച്ചി:** കേന്ദ്ര പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ കേരളം അയൽ തീരദേശ സംസ്ഥാനങ്ങളേക്കാൾ മുന്നിലെത്തിയെന്നും സമുദ്ര മത്സ്യബന്ധനത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുണ്ടെന്നും കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ. കൊച്ചിയിൽ നടന്ന ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് സംബന്ധിച്ച അവലോകന യോഗത്തിലും ശിൽപ്പശാലയിലും പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏകദേശം 1,400 കോടി രൂപയുടെ വിഹിതത്തോടെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയ്ക്ക് കീഴിൽ കേരളം രാജ്യത്തെ മുൻനിര സംസ്ഥാനമായി മാറിയെന്നും അദ്ദേഹം പറഞ്ഞു. സമുദ്ര മത്സ്യബന്ധനത്തിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുങ്കെിലും, കൾച്ചർ മത്സ്യബന്ധനവും മത്സ്യക്കൃഷിയും ശക്തിപ്പെടുത്തുന്നതിന് വലിയ സാധ്യതകളുണ്ടെന്ന് മന്ത്രി പറഞ്ഞു. അടിസ്ഥാന സൗകര്യ വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം വർദ്ധിപ്പിക്കണം. ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിന് കീഴിൽ സംസ്ഥാന സർക്കാരിന്റെ വായ്പാ പരിധി അവസാനിച്ച സാഹചര്യത്തിൽ. ഈ മേഖലയിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് സർക്കാർ ഇതര പങ്കാളികളിൽ നിന്നുള്ള സഹകരണവും നിക്ഷേപവും ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് ദേശീയ മത്സ്യബന്ധന വികസന ബോർഡിന്റെ പ്രാദേശിക കേന്ദ്രം അനുവദിച്ചതായും അദ്ദേഹം അറിയിച്ചു. കേന്ദ്ര സഹകരണ ചട്ടക്കൂടിന് കീഴിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കും, മത്സ്യബന്ധന കർഷക ഉത്പാദക സംഘടനകൾക്കും 35 ലക്ഷം രൂപയുടെ പ്രാരംഭ സാമ്പത്തിക സഹായം നൽകിവരുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. മത്സ്യബന്ധന കയറ്റുമതിയിലേക്കും കായിക മത്സ്യബന്ധന മേഖലയിലേക്കും പ്രവേശിക്കാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്രെഡിറ്റ് ഗ്യാരി സംവിധാനങ്ങൾ ലഭ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തടസ്സമില്ലാത്ത ചെമ്മീൻ കയറ്റുമതി ഉറപ്പാക്കുന്നതിനും കടലാമ സംരക്ഷണവുമായി ബന്ധപ്പെട്ട ആഗോള പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ആമകൾ ഉൾപ്പെടാതെ മത്സ്യബന്ധനം നടത്തുന്നതിനുള്ള ഉപകരണങ്ങളുടെ ഉപയോഗം അനിവാര്യമാണ്. ഉത്തരവാദിത്തമുള്ള മത്സ്യബന്ധന രീതികളുടെ ഭാഗമായി ടി.ഇ.ഡികൾ സ്വീകരിക്കാൻ മത്സ്യത്തൊഴിലാളികൾ തയ്യാറണകം. ഡിജിറ്റൽ സംയോജനത്തിന് ഊന്നൽ നല്കിക്കൊണ്ട്, ഭാവിയിലെ ആനുകൂല്യങ്ങളും പദ്ധതി അധിഷ്ഠിത പിന്തുണയും ലഭ്യമാക്കുന്നതിന് മത്സ്യത്തൊഴിലാളികളും ബോട്ട് ഉടമകളും കയറ്റുമതിക്കാരും നാഷണൽ ഫിഷറീസ് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യണമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മന്ത്രി ആമകൾ ഉൾപ്പെടാതെ മത്സ്യബന്ധനം നടത്തുന്നതിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു.

## ലോക കേൾവി ദിനാചരണം: ബോധവൽക്കരണ പരിപാടികൾ നടത്തി



**കൊച്ചി:** ലോക കേൾവി ദിനാചരണത്തിന്റെ ഭാഗമായി ലിസി ആശുപത്രിയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. കുട്ടികളിലെ കേൾവിക്ഷയം നേരത്തെ കണ്ടെത്തുക, ചികിത്സ ഉറപ്പാക്കുക, സമൂഹത്തിൽ കേൾവി സംരക്ഷണ അവബോധം വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പരിപാടികൾ സംഘടിപ്പിച്ചത്.

ലിസി ആശുപത്രി ജോയിന്റ് ഡയറക്ടർ ഫാ. റെജു കണ്ണമ്പുഴ അധ്യക്ഷത വഹിച്ചു. ഈ വർഷത്തെ ലോക കേൾവി ദിനത്തിന്റെ പ്രമേയം, 'സമൂഹങ്ങളിൽ നിന്ന് ക്ലാസ് മുറികളിലേക്ക്: എല്ലാ കുട്ടികൾക്കും ശ്രവണ പരിപാലനം' ഡോ. മേഘ കൃഷ്ണൻ ചടങ്ങിൽ പ്രകാശനം ചെയ്തു. ലിസി ആശുപത്രി സ്പിരിചൽ ഡയറക്ടർ ഫാ. ജോസഫ് കരുമത്തി, ഡോ. റീന വർഗീസ്, ഇംപ്ലാന്റ് ഓഡിയോളജിസ്റ്റ് ഗൗരി രാജലക്ഷ്മി, കേണൽ എലിസബത്ത്, ക്യാപ്റ്റൻ ഐസി ജോസഫ്, മീനു ജോർജ് തുടങ്ങിയവർ സംസാരിച്ചു. പോസ്റ്റ് കോക്ലിയർ ഇംപ്ലാന്റ് രോഗികളുടെ സംഗമവും സംവാദവും നടത്തി. ചികിത്സയിലൂടെ കേൾവി തിരിച്ചുപിടിച്ച് സാധാരണ ജീവിതത്തിലേക്ക് മടങ്ങിയെത്തിയ രോഗികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. കേക്ക് വിതരണവും സമ്മാന വിതരണവും പരിപാടിയുടെ ഭാഗമായി നടന്നു. കുട്ടികൾക്ക് സമഗ്രമായ കേൾവി പരിചരണം ഉറപ്പാക്കുന്നതിനായി ബോധവൽകരണ പ്രവർത്തനങ്ങൾ തുടരുമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

## അഭിഭാഷക അക്കാദമിയുടെ തുടർ നിയമ പഠന ക്ലാസുകൾ തുടങ്ങി



**കൊച്ചി:** കേരളത്തിലെ അഭിഭാഷകർക്ക് തുടർ നിയമ പഠന ക്ലാസുകൾ നൽകുന്നതിനുവേണ്ടി സ്ഥാപിച്ച അഭിഭാഷക അക്കാദമിയുടെ ആദ്യ ബാച്ച് ക്ലാസുകൾ സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ് ഉദ്ഘാടനം ചെയ്തു. കേരള ഹൈക്കോടതി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ബാർ കൗൺസിൽ ചെയർമാൻ ടി.എസ് അജിത് അധ്യക്ഷത വഹിച്ചു. അക്കാദമി ഡയറക്ടർ ജസ്റ്റിസ് എബ്രഹാം മാത്യു, ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എൻ. നഗരേഷ്, വൈസ് ചാൻസിലർ ഡോ. ജിബി റെഡ്ഡി, പ്രൊഫ. എസ്. എസ് ഗിരിശങ്കർ, കേരള ബാർ കൗൺസിൽ അംഗങ്ങളായ ഡോ.സന്തോഷ് കുമാർ, അഡ്വ. കെ. ആർ രാജകുമാർ, അഡ്വ. കെ. കെ നാസർ തുടങ്ങിയവർ പങ്കെടുത്തു. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ബെച്ചു കുര്യൻ ജോസഫ്, വൈസ് ചാൻസിലർ ജിബി റെഡ്ഡി, പ്രൊഫ. ഗിരിശങ്കർ, ജസ്റ്റിസ് എബ്രഹാം മാത്യു എന്നിവർ ക്ലാസുകൾ നയിച്ചു. രജിസ്റ്റർ ചെയ്ത 158 അഭിഭാഷകരാണ് ആദ്യ ബാച്ചിൽ ഉള്ളത്. കളമശ്ശേരി കിൻഫ്രാ പാർക്കിൽ ഒരേക്കർ സ്ഥലത്താണ് അക്കാദമി സ്ഥാപിക്കുന്നത്. ജസ്റ്റിസ് കുര്യൻ ജോസഫ് ആണ് അക്കാദമിയുടെ ചെയർമാൻ. ആദ്യ ബാച്ചിന്റെ അടുത്ത ട്രെയിനിങ് മാർച്ച് 28ന് നടക്കും.

## ഐസർ പ്രവേശന പരീക്ഷ ജൂൺ 7 ന്

**തിരുവനന്തപുരം :** തിരുവനന്തപുരം ഉൾപ്പടെയുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (ഐസർ) കേന്ദ്രങ്ങളിലേക്ക് 2026-27 അധ്യയന വർഷത്തേക്കുള്ള പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു. ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് ജൂൺ 7 ന് നടക്കും. ഓൺലൈൻ ആപ്ലിക്കേഷൻ വിൻഡോ മാർച്ച് 5 ന് ആരംഭിക്കും. ഏഴ് ഐസർ കാമ്പസുകളിൽ ഏതെങ്കിലുമൊന്നിൽ പ്രവേശനത്തിനുള്ള ആപ്റ്റിറ്റിയൂഡ് ടെസ്റ്റിന് സയൻസ് വിദ്യാർത്ഥികൾക്ക് രജിസ്റ്റർ ചെയ്യാം. ഉന്നത നിലവാരത്തിലുള്ള അടിസ്ഥാന ശാസ്ത്ര വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റ് സ്ഥാപിച്ച പ്രമുഖ സ്വയംഭരണ സ്ഥാപനങ്ങളാണ് ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച്. തിരുവനന്തപുരത്തിന് പുറമെ, ബെർഹാംപൂർ, ഭോപ്പാൽ, കൊൽക്കത്ത, മൊഹാലി, പൂനെ, തിരുപ്പതി എന്നിവയുൾപ്പെടെയുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിച്ച് രജിസ്റ്റർ ചെയ്യാം. പരീക്ഷാ കേന്ദ്രങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളും ലഭിക്കും.

## സൗജന്യ കേൾവി പരിശോധന ഇന്ന്

**കൊച്ചി:** ലോക കേൾവി ദിനാചരണത്തിന്റെ ഭാഗമായി ഐഎപി കൊച്ചിൻ ചൈൽഡ് കെയർ സെന്ററുമായി സഹകരിച്ച് നവജാത ശിശുക്കൾക്കും കുട്ടികൾക്കുമായി ഇന്ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ എറണാകുളം പനമ്പിള്ളി നഗർ റോട്ടറി ബാലഭവനിലെ ചൈൽഡ് കെയർ സെന്ററിൽ സൗജന്യ കേൾവി പരിശോധന ക്യാമ്പ് സംഘടിപ്പിക്കും. ക്യാമ്പിൽ ഒ.എ.ഇ, ബി.ഇ.എ.ആർ.എ, പി.ടി.എ പരിശോധനകൾ ഉണ്ടായിരിക്കും.

## കടയിരുപ്പ് ശ്രീനാരായണ ഗുരുകുലം കോളേജിൽ ടെക്നിക്കൽ ആർട്സ് ഫെസ്റ്റ്

**കോലഞ്ചേരി:** ശ്രീനാരായണ ഗുരുകുലം കോളേജ് ഓഫ് എഞ്ചിനീയറിംഗ് സ്റ്റുഡൻസ് കൗൺസിലിന്റെയും വിവിധ ഡിപ്പാർട്ട്മെന്റ് അസോസിയേഷനുകളുടെയും സംയുക്താഭിമുഖ്യത്തിൽ ടെക്നിക്കൽ ഫെസ്റ്റ് –ഫ്യുജനിസ്-XII, ആർട്സ് ഫെസ്റ്റ് 'അരങ്ങ് 2026' എന്നിവ മാർച്ച് 11 മുതൽ 13 വരെ നടക്കുമെന്ന് കോളേജ് മാനേജർ ജെയിൻ വി. പാപ്പു, പ്രിൻസിപ്പാൾ ജോസ് സുരേന്ദ്രൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ദീപക് വർമ്മ, എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങളായ ഇ.എസ് ധനേഷ്, പി.എ ശശി എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

പരിപാടിയുടെ ഉദ്ഘാടനം മാർച്ച് 11ന് രാവിലെ എസ്.എൻ.ജി.സി ട്രസ്റ്റ് പ്രസിഡന്റ് കെ. കെ കർണ്ണൻ നിർവഹിക്കും. ഫ്യുജനിസ്തകകനോടനുബന്ധിച്ച് വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും നൂതന സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തുന്നതിനുമായി ശിൽപ്പശാലകൾ, ടെക്നിക്കൽ കോമ്പറ്റീഷൻ, പ്രോജക്ട് എക്സിബിഷൻ എന്നിവ സംഘടിപ്പിക്കും. കലാ, സാങ്കേതിക നൈപുണ്യ വികസനത്തിനുതകുന്ന ഇന്റർ കോളേജിയേറ്റ് ഡാൻസ് മത്സരവും ഫാഷൻ ഷോയും പരിപാടിയോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്. ഫ്യുജനിസ്-XII നോടനുബന്ധിച്ച് നടക്കുന്ന 60ൽ അധികം മത്സരങ്ങളിലും ശിൽപ്പശാലകളിലും വിവിധ എഞ്ചിനീയറിങ് കോളേജുകളിൽ നിന്ന് നൂറുകണക്കിന് വിദ്യാർഥികൾ പങ്കെടുക്കും. 13 ന് ശ്രീ നാരായണഗുരുകുലം കോളേജിലെ വിദ്യാർത്ഥികളുടെ വിവിധ കലാ മത്സരങ്ങൾ 'അരങ്ങ് 2026' ന്റെ ഭാഗമായി സംഘടിപ്പിക്കും. തുടർന്ന് വിദ്യാർത്ഥികൾക്ക് വേണ്ടി സംഗീതനിശയും ഉണ്ടാകുമെന്നും സംഘാടകർ പറഞ്ഞു.

## ദളിത് ബന്ധു സ്മാരക പ്രഭാഷണം ഇന്ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ഹിസ്റ്ററി വിഭാഗത്തിൽ പ്രവർത്തിക്കുന്ന ദളിത് ബന്ധു ആർക്കൈവിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദളിത് ബന്ധു സ്മാരക പ്രഭാഷണം ഇന്ന് രാവിലെ 10ന് കാലടി മുഖ്യ കാമ്പസിലുള്ള സെമിനാർ ഹാളിലെ അക്കാദമിക ബ്ലോക്ക് ഒന്നിൽ നടക്കും. ഹൈദ്രാബാദിലെ ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയിലെ കൾച്ചറൽ സ്റ്റഡീസ് വിഭാഗം പ്രൊഫസർ ഡോ. കെ. സത്യനാരായണ ദളിത് ബന്ധു സ്മാരക പ്രഭാഷണം നിർവ്വഹിക്കും. 'ഗദ്ദാറിന്റെ സ്മാരക ഗാനങ്ങളിലെ രക്തസാക്ഷി പ്രതീകം' എന്നതാണ് പ്രഭാഷണ വിഷയം. ഹിസ്റ്ററി വിഭാഗം അധ്യക്ഷ പ്രൊഫ. സൂസൻ തോമസ്, ദളിത് ബന്ധു പഠനകേന്ദ്രം സെക്രട്ടറി പി. കെ. കുമാരൻ, പ്രൊഫ. ആനി ട്രീസ എപ്രേം എന്നിവർ പ്രസംഗിക്കും.

# മെട്രോ സ്റ്റേഷനിൽ ബ്രെയിൽ സ്റ്റേഷൻ മാപ്പ്




**കൊച്ചി:** കൊച്ചി മെട്രോ സി. ഐ. ഐ യംഗ് ഇന്ത്യൻസ് പ്രോജക്ട് ദിശയുടെ സഹകരണത്തോടെ ചങ്ങമ്പുഴ പാർക്ക് സ്റ്റേഷനിൽ ഏർപ്പെടുത്തിയ ബ്രെയിൽ സ്റ്റേഷൻ മാപ്പ്, ഹാൻഡ്റെയിലുകളിലെ ബ്രെയിൽ സൂചനകൾ എന്നിവയുടെ ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് ഒരു മണിക്ക് കെ. എം. ആർ. എൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ നിർവ്വഹിക്കും.

കാഴ്ചപരിമിതിയുള്ള യാത്രക്കാർക്ക് സ്റ്റേഷൻ പരിസരം വ്യക്തമായി മനസ്സിലാക്കാനും സ്വതന്ത്രമായി സഞ്ചരിക്കാനുമുള്ള സൗകര്യങ്ങൾ ഉറപ്പാക്കുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്റ്റേഷന്റെ മുഴുവൻ വിന്യാസവും സ്പർശമാർഗ്ഗം തിരിച്ചറിയാൻ സഹായിക്കുന്ന ബ്രെയിൽ സ്റ്റേഷൻ മാപ്പ്, യാത്രയ്ക്കിടെ തുടർച്ചയായ വഴിനിർദ്ദേശം ലഭ്യമാക്കുന്ന ഹാൻഡ്റെയിലുകളിലെ ബ്രെയിൽ അടയാളങ്ങൾ, പ്രധാന സൗകര്യങ്ങൾ വ്യക്തമാക്കുന്ന ബ്രെയിൽ ബോർഡുകൾ എന്നിവ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. ഈ സംവിധാനങ്ങൾ ഒന്നിച്ചുചേരുമ്പോൾ കാഴ്ച പരിമിതിയുള്ള യാത്രക്കാർക്ക് സ്വന്തം ചുറ്റുപാടുകൾ മനസ്സിലാക്കി യാത്ര സ്വയം ആസൂത്രണം ചെയ്യാനും ആത്മവിശ്വാസത്തോടെ സഞ്ചരിക്കാനും അവസരമൊരുക്കും. അതോടൊപ്പം സഹായത്തിനായി മറ്റുള്ളവരെ ആശ്രയിക്കുന്ന സാഹചര്യം കുറയ്ക്കാനും കഴിയും.

# ലതാമങ്കേഷ്കർ ഗാനാലാപന മൽസരം: പുരസ്ക്കാരം നേടി കാർത്തിക് കൃഷ്ണാ ജയറാം



**കൊച്ചി:** ഛത്തീസ്ഗഡിലെ റായ്പൂർ സ്വർണിം ധരോഹർ ലതാ മങ്കേഷ്ക്കർ ഫൗണ്ടേഷൻ ദേശീയ തലത്തിൽ സംഘടിപ്പിച്ച ഗാനാലാപന മൽസരത്തിൽ തിരുവനന്തപുരം സ്വദേശി കാർത്തിക് കൃഷ്ണാ ജയറാം പുരസ്ക്കാരത്തിന് അർഹനായി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പങ്കെടുത്ത 457 പേർ മാറ്റുരച്ച മൽസരത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 40 പേരാണ് സെമിഫൈനൽ, ഫൈനൽ മൽസരത്തിനായി യോഗ്യത നേടിയത്. ഇതിൽ ദക്ഷിണേന്ത്യയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഏക മൽസരാർഥിയും കാർത്തിക് കൃഷ്ണാ ജയറാം ആയിരുന്നു.

റായ്പൂരിൽ നടന്ന ചടങ്ങിൽ ബോളിവുഡ് സംഗീത സംവിധായകൻ ഉത്തംസിങിൽ നിന്നും കാർത്തിക് പുരസ്കാരം ഏറ്റുവാങ്ങി.

# ഇന്ത്യൻ 'എൻജിഒ'കൾക്ക് സഹായവുമായി എയർ ബിഎൻബി

**കൊച്ചി:** കമ്മ്യൂണിറ്റി ഫണ്ടിലൂടെ എട്ട് ഇന്ത്യൻ നോൺ പ്രോഫിറ്റ് സംഘടനകൾക്ക് സഹായവുമായി എയർബിഎൻബി. പ്രാദേശിക സമൂഹങ്ങളെയും അവിടെ താമസിക്കുന്ന ആളുകളെയും പിന്തുണയ്ക്കുന്നതിനായി രൂപകൽപ്പന ചെയ്ത 100 മില്യൺ അമേരിക്കൻ ഡോളർ സംരംഭമാണ് 2020ൽ ആരംഭിച്ച എയർ ബിഎൻബി കമ്മ്യൂണിറ്റി ഫണ്ട്. സാമ്പത്തിക ശാക്തീകരണം, സുസ്ഥിരത, ഗ്രാമീണ ടൂറിസം, പരിസ്ഥിതി സുസ്ഥിരത, ദുരുപയോഗവും ചൂഷണവും അവസാനിപ്പിക്കൽ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകളെയാണ് ഈ വർഷം സഹായത്തിനായി തിരഞ്ഞെടുത്തത്.

ഗൂഞ്ച്, ഫോറം ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ആൻഡ് റിസർച്ച്, ആക്സസ് ഡെവലപ്മെന്റ് സർവീസസ്, കീസ്റ്റോൺ ഫൗണ്ടേഷൻ, സ്ത്രീമുക്തി സംഘടന, ആസ്മാൻ ഫൗണ്ടേഷൻ, പ്രോത്സാഹൻ ഇന്ത്യ ഫൗണ്ടേഷൻ, നവഗുരുകുൽ ഫൗണ്ടേഷൻ ഫോർ സോഷ്യൽ വെൽഫെയർ എന്നീ സംഘടനകൾക്കാണ് ഈ വർഷത്തെ എയർ ബിഎൻബി കമ്മ്യൂണിറ്റി ഫണ്ട് വഴി സഹായം നൽകുന്നത്. 'എയർ ബിഎൻബി കമ്മ്യൂണിറ്റി ഫണ്ടിലൂടെ അർഹരായ സംഘടനകളെ പിന്തുണയ്ക്കുന്നതിൽ അഭിമാനമുണ്ടെന്ന് എയർ ബിഎൻബി ഇന്ത്യ, തെക്കുകിഴക്കൻ ഏഷ്യ കൺട്രി ഹെഡ് അമൻപ്രീത് ബജാജ് പറഞ്ഞു.

## ഫ്ളാഷ് മോബ് സംഘടിപ്പിച്ചു



**കൊച്ചി:** മറൈൻ ഡ്രൈവിൽ ഹെൽത്തി കേരള ക്യാമ്പയിനിന്റെ ഭാഗമായി പൊതുജനാരോഗ്യ ബോധവൽക്കരണത്തിനായി ഫ്ളാഷ് മോബ് സംഘടിപ്പിച്ചു. കേരള സർക്കാരിന്റെ ഹെൽത്തി കേരള ക്യാമ്പയിനിന്റെ ഭാഗമായുള്ള പരിപാടി ആയുഷ് ഹോമിയോപ്പതി വകുപ്പ്, എറണാകുളം നിയോജക മണ്ഡലവും, ദേശീയ ആയുഷ് മിഷൻ കേരളവും സംയുക്തമായാണ് സംഘടിപ്പിച്ചത്. ആരോഗ്യകരമായ ജീവിതശൈലി പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പ് ഡോക്ടർമാരും ജീവനക്കാരും ചേർന്നാണ് ഫൽഷ് മോബ് അവതരിപ്പിച്ചത്. 'Eat Well, Sleep Well, Care Well, Act Well' എന്ന സന്ദേശം പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി പരമ്പരാഗതവും ആധുനികവുമായ സംഗീത സംയോജനത്തോടുകൂടിയ നൃത്താവിഷ്കാരമാണ് ഒരുക്കിയത്. മറൈൻ ഡ്രൈവിലെ സായാഹ്ന സഞ്ചാരത്തിനായി എത്തിയിരുന്ന നിരവധി പേർ പരിപാടി ആസ്വദിക്കുകയും ആരോഗ്യകരമായ ജീവിതരീതികളുടെ പ്രാധാന്യം തിരിച്ചറിയുകയും ചെയ്തു. സമതുലിതമായ ആഹാരം, മതിയായ ഉറക്കം, സ്വയംപരിചരണം, സജീവമായ ജീവിതശൈലി എന്നിവ ആരോഗ്യ സംരക്ഷണത്തിന് അനിവാര്യമാണെന്ന സന്ദേശം ഫ്ളാഷ് മോബ് മുഖേന അവതരിപ്പിച്ചു.

## മെനോപോസൽ ക്ലിനിക് പ്രവർത്തനം ആരംഭിച്ചു




**കൊച്ചി:** വി.പി.എസ് ലേക്ഷോർ ആശുപത്രിയിലെ ഗൈനക്കോളജിക് ആൻഡ് സർജിക്കൽ ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ മെനോപോസൽ ക്ലിനിക് പ്രവർത്തനം ആരംഭിച്ചു. ആശുപത്രിയിൽ നടന്ന ചടങ്ങിൽ സിനിമ സീരിയൽ താരം വീണ നായർ ഉദ്ഘാടനം നിർവഹിച്ചു. വി.പി.എസ് ലേക്ഷോർ മാനേജിങ് ഡയറക്ടർ എസ്.കെ. അബ്ദുള്ള അധ്യക്ഷത വഹിച്ചു. ഗൈനക്കോളജിക് ആൻഡ് സർജിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ. കെ. ചിത്രതാര മുഖ്യപ്രഭാഷണം നടത്തി. അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. എസ്. അനുപമ ക്ലിനിക് പ്രവർത്തനങ്ങൾ വിശദീകരിച്ചു. വി.പി.എസ് ലേക്ഷോർ ഗ്രൂപ്പ് സി.ഇ.ഒ അഭിഷേക് പൊഡുരി, സി.ഇ.ഒ ജയേഷ് വി.നായർ, മെഡിക്കൽ സൂപ്ര് ഡോ. സുർത റാം വിഷ്ണോയ് ,അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. പി. സനം ,ഡോ. റെമി അബ്ദുൽ ഷുക്കൂർ തുടങ്ങിയവർ സംസാരിച്ചു

## 'സോൾ' അവതരിപ്പിച്ച് മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്

**കൊച്ചി:** മലബാർ ഗോൾഡ് ആന്റ് ഡയമ്ണ്ട്സ് ലൈറ്റ്വെയ്റ്റ് ആഭരണ ശേഖരം ' സോൾ ' പുറത്തിറക്കി. സമകാലിക ഡിസൈനുകളിൽ സ്ത്രീകൾക്കായി നിർമ്മിച്ച ആഭരണ ശേഖരമാണ് സോൾ. നിത്യേനയുള്ള ഉപയോഗത്തിനും ആഘോഷവേളകൾ ഉൾപ്പടെയുള്ള അവസരങ്ങളിലും ധരിക്കാൻ അനുയോജ്യമായ രീതിയിലാണ് സോളിന്റെ രൂപകൽപ്പനയെന്ന് അധികൃതർ വ്യക്തമാക്കി. 14, 18 കാരറ്റ് സ്വർണ്ണത്തിൽ പ്രകൃതിദത്ത വജ്രങ്ങൾ കൊണ്ടാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഡയമ് പെൻഡന്റുകൾ, ഇയർ റിംഗുകൾ, മോതിരങ്ങൾ, ബ്രേസ്‌ലെറ്റുകൾ, സ്വർണ്ണ ചെയിനുകൾ, എളുപ്പത്തിൽ ഉപയോഗിക്കാവുന്ന സിലൗട്ടുകൾ തുടങ്ങി ദൈനംദിന ഉപയോഗത്തിനുള്ള ആഭരണങ്ങളെല്ലാം സോൾ കളക്ഷനിൽ ഉൾപ്പെടുന്നു.

# ഇന്ത്യയിൽ സ്തനാർബുദ നിരക്ക് ഉയരുന്നുവെന്ന് ആരോഗ്യ വിദഗ്ദർ

**കൊച്ചി:** ലോകത്തെല്ലായിടത്തുമെന്ന പോലെ ഇന്ത്യയിലുടനീളവും സ്തനാർബുദ നിരക്ക് ഉയരുകയാണെന്നും ജനസാന്ദ്രതയേറിയ നഗരങ്ങളിലാണ് ഏറ്റവും കൂടുതൽ സ്തനാർബുദം റിപ്പോർട്ട് ചെയ്യപ്പെടുന്നതെന്നും ആരോഗ്യവിദഗ്ദർ.




ആധുനിക ജീവിതശൈലിയിലുണ്ടായ മാറ്റങ്ങൾ സ്തനാർബുധം ഉൾപ്പെടെയുള്ള ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നതെങ്ങനെ എന്ന വിഷയത്തിൽ കൊച്ചിയിൽ നടന്ന ഇയർ ഇൻ റിവ്യൂ കേരള ചാപ്റ്റർ സമ്മേളനത്തിലായിരുന്നു ഡോക്ടർമാർ തങ്ങളുടെ ആശങ്ക പങ്കുവെച്ചത്. നഗരങ്ങളിലെ ജീവിതരീതിയും സ്തനാർബുദ സാധ്യതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഡോക്ടർമാർ ആശങ്ക പ്രകടിപ്പിച്ചു. കൊച്ചിൻ ഓങ്കോളജി ഗ്രൂപ്പും നാഗ് ഫൗണ്ടേഷനും ചേർന്ന് സംഘടിപ്പിച്ച സമ്മേളനത്തിൽ ജീവിതശൈലീ മാറ്റങ്ങളെക്കുറിച്ച് ഗൗരവമായ ചർച്ചകൾ നടന്നു. വ്യായാമമില്ലാത്ത ജീവിതരീതി, ഫാസ്റ്റ് ഫുഡ് സംസ്കാരം, ജോലിസ്ഥലത്തും വീട്ടിലും അനുഭവപ്പെടുന്ന കടുത്ത മാനസിക സമ്മർദ്ദം എന്നിവ മനുഷ്യന്റെ രോഗ പ്രതിരോധ ശേഷിയെ ഗണ്യമായി ദുർബലപ്പെടുത്തുന്നു. അർബുദത്തെ പ്രതിരോധിക്കാനുള്ള ശരീരത്തിന്റെ ഏറ്റവും മികച്ച സ്വാഭാവിക ആയുധം മികച്ച രോഗപ്രതിരോധ ശേഷിയാണ്. എന്നാൽ നഗരവൽക്കരണം ഈ സംരക്ഷണ കവചത്തെ തകർക്കുകയാണെന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. 2025ൽ പ്രസിദ്ധീകരിച്ച ഓങ്കോളജിയിലെ വിവിധ നൂതന പഠനങ്ങൾ വിദഗ്ധർ അവതരിപ്പിക്കുകയും അതിൽ പാനൽ ചർച്ചകളും സമ്മേളനത്തിന്റെ ഭാഗമായി നടന്നു. കൊച്ചിൻ ഓങ്കോളജി ഗ്രൂപ്പ് സെക്രട്ടറിയും ആസ്റ്റർ മെഡ്സിറ്റിയിലെ മെഡിക്കൽ ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റുമായ ഡോ. അരുൺ ആർ. വാര്യരുടെ നേതൃത്വത്തിലാണ് സമ്മേളനം സംഘടിപ്പിച്ചത്. നൂറോളം പ്രമുഖ ഓങ്കോളജിസ്റ്റുകൾ പങ്കെടുക്കുകയും അർബുദ ചികിത്സാ രംഗത്ത് ശാസ്ത്രം കൈവരിച്ച പ്രധാന നേട്ടങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

# ഗോൾഡൻ ജൂബിലി നിറവിൽ കുസാറ്റ് എസ്.ഐ.എഫ്

കൊച്ചി : ഇന്ത്യയുടെ മത്സ്യ കയറ്റുമതി രംഗം 62000 കോടിയിൽ എത്തി നിൽക്കുമ്പോൾ അഭിമാനപൂർവ്വം ഗോൾഡൻ ജൂബിലി ആഘോഷിക്കുകയാണ് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലെ സ്കൂൾ ഓഫ് ഇൻഡസ്ട്രീയൽ ഫിഷറീസ് (എസ്.ഐ.എഫ്.) 1980ൽ ഇന്ത്യയിൽ നിന്നുള്ള മത്സ്യ കയറ്റുമതി കേവലം 300 കോടി മാത്രമായിരുന്നു. 1976-ൽ റഷ്യൻ യൂണിവേഴ്സിറ്റിയിലെ കോഴ്സിന്റെ മാതൃക പിൻതുടർന്ന് കേവലം ഒറ്റ മേഖലയിൽ ആരംഭിച്ച കോഴ്സ് ഇന്ന് 5 വിഭാഗങ്ങളായി വളർന്നു കഴിഞ്ഞു. പി.ജി. കോഴ്സുകൾക്ക് പുറമെ പി.എച്ച്.ഡിയും നൽകുന്നു. ഭൂതകാലത്തെ ആദരിച്ച് വർത്തമാനത്തെ ഉൾക്കൊണ്ട് ഭാവിയെ രൂപപ്പെടുത്തുക എന്നതാണ് ഗോൾഡൻ ജൂബിലി വർഷത്തെ ആപ്തവാക്യം. ഒരു വർഷം നീളുന്ന ആഘോഷങ്ങളിൽ സുസ്ഥിര മത്സ്യബന്ധനം, ജലകൃഷി, കാലാവസ്ഥ പ്രതിരോധശേഷി, നില സമ്പദ് വ്യവസ്ഥ എന്നീ വിഷയങ്ങളെ ആധാരമാക്കി അന്താരാഷ്ട്ര സമ്മേളനവും, മത്സ്യ സംസ്കരണവും, മൂല്യവർദ്ധിത ഉത്പന്ന സുരക്ഷയും, പുത്തൻ സാങ്കേതിക വിദ്യകളും എന്നിവ സംബന്ധിച്ച് ദേശീയ സെമിനാറുകളും സംഘടിപ്പിക്കുമെന്ന് കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ കുഫോസ് സ്ഥാപക വൈസ് ചാൻസലറും, എസ്.ഐ.എഫ് മുൻ ഡയറക്ടറുമായ പ്രൊഫ. ഡോ. ബി.മധുസുദനൻ കുറുപ്പ്, എസ്.ഐ.എഫ് ഡയറക്ടർ ഡോ. മിനി ശേഖർ എൻ, ഡോ.എ.വി.ഷിബു, പി.സുനിൽ കുമാർ, പ്രൊഫ. എം. ഹരികൃഷ്ണൻ എന്നിവർ പറഞ്ഞു. രാജ്യത്തെ മത്സ്യത്പാദന കയറ്റുമതി രംഗത്തെ പ്രമുഖർ ഇവിടെനിന്നും ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയവരാണെന്നും ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾക്ക് നാളെ കൊച്ചിയിലെ എമ്പ്രസ് ഹോട്ടലിൽ തുടക്കമാകുമെന്നും ഇവർ പറഞ്ഞു. സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടനവും ലോഗോ പ്രകാശനവും ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ നിർവ്വഹിക്കും. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ജുനൈദ് ബുഷിരി അദ്ധ്യക്ഷത വഹിക്കും. കുഫോസ് സ്ഥാപക വൈസ് ചാൻസലറും, എസ്.ഐ.എഫ് മുൻ ഡയറക്ടറുമായ പ്രൊഫ. ഡോ. ബി.മധുസുദനൻ കുറുപ്പ്, എസ്.ഐ.എഫ് ഡയറക്ടർ ഡോ. മിനി ശേഖർ എൻ, കേന്ദ്ര ഫിഷറീസ് വകുപ്പ് ജോയിന്റ് സെക്രട്ടറി സാഗർ മെഹ്റ ഐ.എ.എസ്, നാഷണൽ ബ്യൂറോ ഓഫ് ഫിഷറീസ് ജനറ്റിക് റിസോഴ്സ് ഡയറക്ടർ ഡോ. കാജൽ ചക്രബർത്തി, സീഫുഡ് എക്സ്പോർട്ടേഴ്സ് അസ്സോസിയേഷൻ ഓഫ് ഇന്ത്യ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ.എൻ.രാഘവൻ, നാഷണൽ വൈസ് പ്രസിഡന്റ് അലക്സ് നൈനാൻ, എസ്.ഐ.എഫ് അലുമനെ നെറ്റ് വർക്ക് പ്രസിഡന്റ് പി.സുനിൽ കുമാർ എന്നിവർ പങ്കെടുക്കും.




# മെഴ്സിഡസ് ബെൻസ് വി ക്ലാസ് പുറത്തിറക്കി

**കൊച്ചി:** മെഴ്സിഡസ് ബെൻസ് പുത്തൻ വി ക്ലാസ് പുറത്തിറക്കി. ആഡംബര പൂർണമായ സുഖസൗകര്യങ്ങൾ, അത്യാധുനിക ഡിസൈൻ, സമാനതകളില്ലാത്ത സ്ഥലസൗകര്യം, എന്നിവ സമന്വയിപ്പിക്കുന്ന പുതിയ വിക്ലാസ് ഉപഭോക്താക്കൾക്ക് ശാന്തവും സുരക്ഷിതവുമായ അന്തരീക്ഷമാണ് വാഗ്ദാനം ചെയ്യുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. 5,370 എംഎം നീളവും 3,430 എംഎം വീൽബേസും 1,928എംഎം വീതിയും 1,880 എംഎം ഉയരവുമുള്ള എക്സ്ട്രാ ലോങ് വീൽബേസ് കോൺഫിഗറേഷനിലുള്ള വി ക്ലാസ് സമാനതകളില്ലാത്ത സുഖസൗകര്യങ്ങളോടെ സഞ്ചരിക്കാൻ ആഗ്രഹിക്കുന്നവർക്കായി പ്രത്യേകം രൂപകൽപന ചെയ്ത വാഹനം കൂടിയാണ്. എയർമാറ്റിക് സസ്പെൻഷൻ, ആഡംബര സീറ്റുകൾ, എഎംജി ലൈൻ എക്സ്റ്റീരിയർ, വെന്റിലേറ്റഡ് സീറ്റുകൾ എന്നിവ എക്സ്ട്രാ ലോങ് വീൽബേസിന്റെ ഇന്ത്യൻ ഉപഭോക്താക്കൾക്ക് സ്റ്റാൻഡേർഡ് ഫീച്ചറുകളായി നൽകും. ഇന്ത്യയിലുടനീളം 1.4 കോടി രൂപയാണ് വിക്ലാസിന്റെ എക്സ്ഷോറൂം വില. പ്രാരംഭ വിലയാണിത്. ചക്രങ്ങളിൽ ഒരുക്കിയ ഒരു പ്രൈവറ്റ് സ്യൂട്ട് ആണ് വിക്ലാസിലൂടെ മെഴ്സിഡസ് ബെൻസ് നൽകുന്നത്. അത്യാധുനികമായ 6സീറ്റ് ലേഔട്ടിൽ, രണ്ടാമത്തെ നിരയിൽ മൂന്ന് തരത്തിലുള്ള വെന്റിലേഷൻ, മസാജ് സൗകര്യം, കാഫ് സപ്പോർട്ട്, പുറത്തേക്ക് നീക്കാവുന്ന കപ്പ് ഹോൾഡറുകൾ, വയർലെസ് ചാർജിങ് എന്നിവയോട് കൂടിയ ഫസ്റ്റ് ക്ലാസ് ലക്ഷ്വറി ഇൻഡിവിജ്വൽ സീറ്റുകളാണ് പുതിയ വിക്ലാസിൽ നൽകിയിരിക്കുന്നത്. മൂന്നാം നിരയിൽ വെന്റിലേറ്റഡ് സീറ്റുകൾ വാഗ്ദാനം ചെയ്യുന്ന ഈ വിഭാഗത്തിലെ ആദ്യ വാഹനവും വിക്ലാസ് തന്നെയാണ്. ത്രീ പോയിന്റ് സീറ്റ് ബെൽറ്റുകൾ, ഐസോഫിക്സ് ചൈൽഡ് സീറ്റ് ആങ്കറേജ്, യുഎസ്ബി ചാർജിങ് പോർട്ടുകൾ എന്നിവയും ഇതിലുണ്ട്. ഇലക്ട്രിക്കലി അഡ്ജസ്റ്റ് ചെയ്യാവുന്നതും വെന്റിലേഷൻ സൗകര്യമുള്ളതുമായ സീറ്റുകളാണ് മുൻനിരയിൽ. സീറ്റിന്റെ കുഷ്യൻ നീളം ക്രമീകരിക്കാനുള്ള സൗകര്യത്തോടു കൂടിയ സീറ്റുകൾ ഒരു ആഡംബര കമാൻഡ് സെന്റർ അനുഭവമാണ് നൽകുക.




# മലങ്കരസഭ എറണാകുളം പബ്ലിക്ക് റിലേഷൻസ് സെന്റർ പ്രവർത്തനം തുടങ്ങി

**കൊച്ചി :** എറണാകുളം നഗര ഹൃദയത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പബ്ലിക്ക് റിലേഷൻസ് സെന്റർ പ്രവർത്തനമാരംഭിച്ചു. പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വിശുദ്ധ കൂദാശയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഡോ.യാക്കോബ് മാർ ഐറേനിയസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ് എന്നീ മെത്രാപ്പോലീത്താമാർ സഹകാർമ്മികരായി. ചികിത്സ ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി മെട്രോ നഗരത്തിലെത്തുന്നവർക്ക് സെന്റർ സഹായകരമാകുമെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു.

വൈദിക ട്രസ്റ്റി ഫാ.ഡോ.തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, ടി.ജെ വിനോദ് എംഎൽഎ, ജസ്റ്റിസ് ബെഞ്ചമിൻ കോശി, കൗൺസിലർ സിനി ആനന്ദ്, സെന്റർ ഇൻ ചാർജ് ഫാ.സൈമൺ ജോസഫ് എന്നിവർ പ്രസംഗിച്ചു. സഭാ വർക്കിംഗ് കമ്മിറ്റി അംഗം എം.സി സണ്ണി, മാനേജിംഗ് കമ്മറ്റി, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, വിവിധ ഭദ്രാസനങ്ങളിൽ നിന്നുള്ള വൈദികർ, വിശ്വാസികൾ എന്നിവർ പങ്കെടുത്തു.

കഴിഞ്ഞ ഒരു വർഷമായി അഞ്ചുമനയിലെ വാടക കെട്ടിടത്തിലായിരുന്ന പബ്ലിക്ക് റിലേഷൻസ് സെന്ററിന്റെ പ്രവർത്തനം നടന്നിരുന്നത്. തുടർന്ന് മാമംഗലം കണ്ണായത്ത് ലെയിനിലെ സ്വന്തം കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുകയായിരുന്നു

# ബിനാലെ സന്ദർശിച്ച് ടേറ്റ് ആർട്ട് മ്യൂസിയം ഡയറക്ടർ മരിയ ബാൽഷോ

**കൊച്ചി:** ലണ്ടനിലെ ടേറ്റ് ആർട്ട് മ്യൂസിയം ഡയറക്ടർ മരിയ ബാൽഷോ കൊച്ചിമുസിരിസ് ബിനാലെ സന്ദർശിച്ചു. നാലാം തവണയാണ് അവർ ബിനാലെയിൽ എത്തുന്നത്. ബിനാലെ സൃഷ്ടികൾ പ്രാദേശികമായ ചരിത്രത്തിലും വേരുകളിലും ഉറച്ചുനിൽക്കുമ്പോഴും അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെടുന്നതാണെന്നും അവർ പറഞ്ഞു. ലോകത്തെയും പ്രപഞ്ചത്തെയും പുതിയ കണ്ണുകൊണ്ട് കാണാനാണ് കലാകാരന്മാർ ഇവിടെ ശ്രമിക്കുന്നതെന്ന് അവർ പറഞ്ഞു. ഇബ്രാഹിം മഹമയെപ്പോലുള്ള തനിക്ക് പരിചിതരായ കലാകാരന്മാരെയും പുതിയ കലാകാരന്മാരെയും ഇവിടെ കാണാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. ഒട്ടോബോങ് എൻകാങ്ക, ബാനി ആബിദി എന്നിവരുടെ സൃഷ്ടികൾ സ്ഥലകാലങ്ങളെയും നാളെയുടെ ചിന്തകളെയും പ്രതിഫലിപ്പിക്കുന്നു. ബാഷ ചക്രവർത്തി സ്ത്രീകൾക്കൊപ്പം ചേർന്ന് തയ്യാറാക്കിയ ക്വിൽറ്റ് പ്രോജക്റ്റിനെ അവർ പ്രത്യേകം എടുത്തുപറഞ്ഞു. ഇത് സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനും മാറ്റങ്ങൾക്കും സഹായിക്കുന്ന കലാപ്രവർത്തനമാണെന്ന് അവർ പറഞ്ഞു. ടേറ്റ് മ്യൂസിയത്തിന്റെ ശേഖരത്തിലുള്ള മാത്യു കൃഷാനുവിന്റെ ചിത്രങ്ങളും ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. ബിനാലെ എല്ലാവർക്കും വേണ്ടിയുള്ളതാണെന്നും പീപ്പിൾസ് കഫേ പ്രചോദകമായ ആശയം ആണെന്നും മരിയ ബാൽഷോ പറഞ്ഞു.



# ഫിഷറീസ് സർവ്വകലാശാലയിൽ ആഗോള ശാസ്ത്രസമ്മേളനം

**കൊച്ചി:** ആഗോളശാസ്ത്ര സമ്മേളനത്തിന് ഫിഷറീസ് സർവ്വകലാശാല വേദിയാകുന്നു. കടൽപ്പായലും നീല സമ്പദ് വ്യവസ്ഥയും എന്ന വിഷയത്തിൽ സംഘടിപ്പിച്ചരിക്കുന്ന ത്രിദിന ശാസ്ത്രസമ്മേളനം നാളെ കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം നിർവഹിക്കും.


ചടങ്ങിൽ കുഫോസ് വൈസ് ചാൻസലർ പ്രൊഫ. എ.ബിജുകുമാർ അധ്യക്ഷത വഹിക്കും. കടൽപായലുകളുടെ ആവാസവ്യവസ്ഥ പ്രാധാന്യത്തെക്കുറിച്ചും, അവയിൽനിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളെക്കുറിച്ചും വ്യവസായികാടിസ്ഥാനത്തിലുള്ള തൊഴിൽ സാധ്യതളെക്കുറിച്ചും നടക്കുന്ന സമ്മേളനത്തിൽ ജപ്പാൻ, ഫിലിപ്പൈൻസ്, ഇംഗ്ലണ്ട്, ഇറ്റലി, ഓസ്ട്രേലിയ തുടങ്ങി 26-ൽ പരം രാജ്യങ്ങളുടെ പ്രതിനിധികളും സർവ്വകലാശാലകളിൽ നിന്നുമുള്ള സമുദ്ര ശാസ്ത്രജ്ഞരും പങ്കെടുക്കുമെന്ന് കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ കുഫോസ് വൈസ് ചാൻസലർ പ്രൊഫ.ഡോ. എ.ബിജുകുമാർ അറിയിച്ചു. ഇന്ത്യൻ തീരങ്ങളിൽ 865-ഉം, കേരള തീരത്ത് 145ഉം തരത്തിലുള്ള ജീവിവർഗങ്ങളാണുള്ളതായാട്ടാണ് പഠനങ്ങൾ. കടൽ പായലുകളിൽ നിന്നും വ്യാവസായികാടിസ്ഥാനത്തിലുള്ള ഉത്പാദനത്തിനുള്ള സാധ്യതകളെ കുറിച്ച് വിദഗ്ദ്ധരുടെയും ഗവേഷകരുടെയും വിജയിച്ച സംരംഭകരുടെ സ്ഥാപനങ്ങളുടെ പ്രതിനിധികളുടെയും നേതൃത്വത്തിൽ വിവിധ പ്രബന്ധങ്ങൾ അവതരിപ്പിക്കും. 2047-ൽ ഈ രംഗത്ത് ഇന്ത്യ കൈവരിക്കേണ്ട നേട്ടങ്ങളെക്കുറിച്ചുള്ള വിശദമായ വിശദമായ രൂപരേഖയും ശാസ്ത്ര സമ്മേളനത്തിൽ അവതരിപ്പിക്കും. കാലാവസ്ഥാവ്യതിയാനത്തോട് താദാത്മ്യം പ്രാപിക്കുന്ന രീതിയിൽ നൂതനമായ കൃഷിരീതികളിലൂടെ അനുയോജ്യമായ തീരദേശമേഖലകളിലും ലക്ഷദ്വീപ്, ആൻഡമാൻ ദ്വീപസമൂഹങ്ങളിലും കടൽപായൽ കൃഷി പ്രോത്സാഹിപ്പിച്ചുകൊണ്ട് വ്യവസായികാടിസ്ഥാനത്തിലുള്ള വൈവിധ്യങ്ങളായ ഉത്പന്നവികസനത്തിലൂടെ ഇന്ത്യയുടെ അനന്ത സാധ്യതകൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനുള്ള ചർച്ചകളും നടക്കും.



*ഫിഷറീസ് സർവ്വകലാശാലയിൽ കടൽപ്പായലും നീല സമ്പദ് വ്യവസ്ഥയും എന്ന വിഷയത്തിൽ ത്രിദിന ആഗോള ശാസ്ത്രസമ്മേളനം മാർച്ച് അഞ്ച് മുതൽ ആരംഭിക്കുമെന്ന് വൈസ് ചാൻസിലർ പ്രൊഫ. ഡോ. എ.ബിജുകുമാർ അറിയിക്കുന്നു. പി.ആർ.ഒ മാലശ്രീ,രജിസ്ട്രാർ പ്രൊഫ.ഡോ.കെ ദിനേശ്,ഓർഗനൈസിംഗ് സെക്രട്ടറി പ്രൊഫ.ഡോ.രാധിക രാജശ്രീ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. അൻവർ അലി എന്നിവർ സമീപം.*

ദേശീയ മത്സ്യ വികസന ബോർഡ്, ദേശീയ കാർഷീക ഗ്രാമീണ വികസന ബാങ്ക് (നബാർഡ്), ദേശീയകാർഷീകഗവേഷണകൗൺസിലിന്റെ കേന്ദ്ര മത്സ്യ സാങ്കേതിക വിദ്യാ സ്ഥാപനം, കേരളം സംസ്ഥാന മൽസ്യവകുപ് , കടൽപായൽ ഗവേഷണ വിനിയോഗ അസോസിയേഷൻ എന്നിവയടക്കമുള്ള 25ഓളം സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പാക്കിയിട്ടുണ്ടെന്നും വാർത്താ സമ്മേളനത്തിൽ രജിസ്ട്രാർ പ്രൊഫ.ഡോ.കെ ദിനേശ്, ഓർഗനൈസിംഗ് സെക്രട്ടറി പ്രൊഫ. ഡോ.രാധിക രാജശ്രീ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. അൻവർ അലി, പി.ആർ.ഒ മാലശ്രീ എന്നിവർ പറഞ്ഞു.

# നാമക്കുഴി സഹോദരിമാരെ ആദരിക്കുന്നു



*ലോക വനിതാ ദിനത്തിൽ നാമക്കുഴി സഹോദരിമാർക്ക് ജന്മനാട്ടിൽ സ്വീകരണം നൽകുമെന്ന് എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ സലിം കരുണാകരൻ അറിയിക്കുന്നു. ഷാജി വർഗീസ്, ജോയി തോമസ് എന്നിവർ സമീപം.*

**കൊച്ചി:** വോളിബോളിലൂടെ നാടിനെ പ്രശസ്തിയിലേക്കുയർത്തിയ നാമക്കുഴി സഹോദരിമാർക്ക് ലോക വനിതാദിനമായ മാർച്ച് എട്ടിന് ഡാൽമിയ സിമെന്റ്സിന്റെയും പൗരാവലിയുടെയും നേതൃത്വത്തിൽ ജന്മനാട്ടിൽ ആദരം നൽകുമെന്ന് സംഘാടകരായ ഡാൽമിയ സിമന്റ് ഡീലറും ചാർട്ടേർഡ് അക്കൗണ്ടന്റുമായ സലിം കരുണാകരൻ, നാമക്കുഴി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും യൂണിവേഴ്സിറ്റി കോളജ് മുൻ വോളിബോൾ പരിശീലകനുമായ ജോയ് തോമസ്, നാക്കുഴി സഹോദരിമാരുടെ വോളിബോൾ പരിശീലകനും സ്കൂളിലെ അദ്ധ്യാപകനുമായ ജോർജ് വർഗീസിന്റെ മകൻ ഷാജി വർഗീസ് എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കേരളത്തിലെ ആദ്യമായി വനിത അർജുന അവാർഡ് (1975) ജേതാവായ കെ.സി. ഏലമ്മ, വി.കെ. സാറാമ്മ, പി.കെ. ഏലിയാമ്മ, പി.സി. ഏലിയാമ്മ, വി.വി. അന്നക്കുട്ടി, വി.കെ. ലീല, ലീലാമ്മ പി.എം.എൻ. അമ്മിണി എന്നിവരെയാണ് ആദരിക്കുക. ഇവരുടെ വോളിബോൾ പരിശീലകനും നാമക്കുഴി സർക്കാർ സ്കൂൾ അദ്ധ്യാപകനുമായിരുന്ന ജോർജ് വർഗീസിന്റെ ഭാര്യയെയും ചടങ്ങിൽ ആദരിക്കും.

പ്രമുഖ സിമെന്റ് നിർമ്മാതാക്കളായ ഡാൽമിയ സിമെന്റ്സിന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ നാമക്കുഴി ഗവ. ഹയർ സെക്കൻഡറി സ്കൂൾ മൈതാനിയിൽ വൈകുന്നേരം 4.30ന് നടക്കുന്ന ചടങ്ങിൽ പിറവം നഗരസഭ, സമീപ പഞ്ചായത്തുകളായ മുളക്കുളം, വെള്ളൂർ, ഇലഞ്ഞി, ഉഴവൂർ, ഞീഴൂർ എന്നിവരും സഹകരിക്കുന്നു.

പഞ്ചായത്ത് പ്രസിഡന്റുമാർക്ക് പുറമെ ചടങ്ങിൽ മുൻകാല വോളിബോൾ താരം കൂടിയായ മാണി സി. കാപ്പൻ എംഎൽഎ , അനൂപ് ജേക്കബ് എംഎൽഎ, വി.ജെ.ജോർജ് കുളങ്ങര (ലേബർ ഇൻഡ്യ) എന്നിവരും പങ്കെടുക്കും.

